# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2327 | 07.02.2019 - ൽ മറുപടിക്ക് |

### ജി.എസ്.ടി വരുമാനം നഷ്ടം പരിഹരിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.എസ്.ശിവകുമാർ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഇക്കഴിഞ്ഞ ജി.എസ്.ടി കൗൺസിലിൽ ജി.എസ്.ടി യിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള വാർഷിക വിറ്റുവരവ് 40 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ടോ; | (എ) | 32-ാം ജി.എസ്.ടി കൗൺസിലിൽ ജി.എസ്.ടി യിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള വാർഷിക വിറ്റുവരവ് പരിധി 40 ലക്ഷം രൂപയാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തിന് എത്ര തുകയുടെ നികുതി നഷ്ടം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) & (സി) | വിറ്റുവരവ് പരിധി ഉയർത്തുന്നതുമൂലമുള്ള വരുമാനനഷ്ടം മുൻകൂട്ടി കണക്കാക്കുക സാധ്യമല്ല. ജി.എസ്.ടി നിയമപ്രകാരം ഫയൽ ചെയ്യേണ്ട 2017-18 സാമ്പത്തിക വർഷത്തിലെ റിട്ടേണുകളുടെ പോലും പൂർണ്ണവിവരം ഇതുവരെയും ലഭ്യമായിട്ടില്ല. ആ വർഷത്തെ വാർഷികറിട്ടേൺ ഫയൽ ചെയ്യേണ്ട അവസാനതീയതി 2019 ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്. കൂടാതെ, 2018-19 വാർഷികറിട്ടേൺ 2019 ഡിസംബറിന് ശേഷം മാത്രമേ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാനാവൂ. ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നതുവഴി അന്തർസംസ്ഥാന ക്രയവിക്രയങ്ങളുടെ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്നതിന് സാധിക്കും. കൂടാതെ, ANPR സംവിധാനം വഴി ഇ-വേ ബിൽ പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതുമാണ്.<br>ഇക്കാര്യങ്ങൾ വഴി നികുതിചോർച്ച തടയുന്നതിനും വരുമാനനഷ്ടം ഉണ്ടാകാതിരിക്കാനും സാധിക്കും. |
| (സി) | ഈ വരുമാനം നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ